**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **11-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് എ.ഡി.എസ്.പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ എം.എൽ.എ-എ.ഡി.എസ്. ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭ്യമാക്കിയ മുൻവർഷങ്ങളിലെ പല പ്രവൃത്തികളും എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിഭാഗത്തിന്റെ പിടിപ്പുകേട് കൊണ്ട് പണി പൂർത്തിയാകാതെ കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ എൽ.എ.സി എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാക്കി, പാലക്കാട് ജില്ലാ പഞ്ചായത്ത് കാര്യാലയം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ എല്ലാം തന്നെ കൃത്യമായി മോണിറ്ററിംഗ് നടത്തി, മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പല പദ്ധതികളും നിർവ്വഹണ ഘട്ടത്തിൽ മുൻകൂട്ടി കാണാൻ കഴിയാത്ത ചില പ്രശ്നങ്ങൾ മൂലം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അത്തരത്തിൽ പ്രവൃത്തി വൈകിയ മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ, 2016-17 സാമ്പത്തിക വർഷത്തിൽ, അട്ടപ്പാടി, ഷോളയൂർ ഗ്രാമപഞ്ചായത്തിലെ വട്ടലക്കി-ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി അല്ലാതെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ് മൂലം പ്രവൃത്തി പൂർത്തിയാകാതെ കിടക്കുന്നു എന്ന ആക്ഷേപം നാളിതുവരെയായി ഉണ്ടായിട്ടില്ല. |
| (ബി) | ഇപ്രകാരം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആവശ്യമായ നിർദ്ദേശം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ പൂർത്തി യാക്കുന്നതിനായി അവലോകനയോഗം കൂടുകയും, പുരോഗതി വിലയിരുത്തുകയും പ്രവൃത്തി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ